# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:**4043** 27.06.2012 - ൽ മറുപടിക്ക്

## ഒറ്റപ്പാലത്തെ ഗ്രാമീണ ജലവിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) **ഒറ്റപ്പാലത്തെ അസംബ്ലി മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഗ്രാമീണ ജലവിതരണ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;** | (എ) | രണ്ട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളാണ് പ്രസ്തുത മണ്ഡലത്തിൽ നബാർഡ് ധന സഹായത്തോടെ നടപ്പിലാക്കി വരുന്നത്.<br>1. ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി<br>2. കരിമ്പുഴ പഞ്ചായത്തിനു വേണ്ടിയുള്ള പദ്ധതി. |
| (ബി) **ആർ. ഐ. ഡി. എഫ്. XIV -ൽ ഉൾപ്പെടുന്ന ഏതെല്ലാം ഗ്രാമീണ ജലവിതരണ പദ്ധതികളാണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലുള്ളത്; ഓരോന്നിനും എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി; ഇല്ലെങ്കിൽ ഓരോ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ; ഇനി ഏതെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും;** | (ബി) | 1.ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി.<br>3124.11 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ഭരണാനുമതി തുക.<br>ഈ പദ്ധതി 4 പാക്കേജുകളായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 1-ാമത്തെ പാക്കേജിൽ ഉൾപ്പെട്ട 11 എംഎൽഡി ശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളായ സമ്പ്, പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവയുടെയും പാക്കേജ് 3-ലും 4-ലും ഉൾപ്പെട്ട വിതരണ ശൃംഖലയുടെയും പണികൾ പൂർത്തിയായിട്ടുണ്ട്. പാക്കേജ് 2-ൽ ഉൾപ്പെട്ട റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ പണി പൂർത്തീകരിക്കാനുണ്ട്. ഈ പ്രവൃത്തിക്ക് കരാറുകാരൻ പൈപ്പുകൾ സപ്ലൈ ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. |

ഈ പദ്ധതി 12/2013-ഓടു കൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. കരിമ്പുഴ പഞ്ചായത്തിനു വേണ്ടിയുള്ള പദ്ധതി

1267.93 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ഭരണാനുമതി തുക.

ഈ പദ്ധതി 3 പാക്കേജുകളായി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പാക്കേജ് 2-ലും 3-ലും ഉൾപ്പെട്ട വിതരണ ശൃംഖലയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് 1-ൽ ഉൾപ്പെട്ട 4 എംഎൽഡി ശുദ്ധീകരണശാലയുടെയും, റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റെയും പണികൾ പുരോഗമിച്ചു വരുന്നു.

ഈ പദ്ധതി 12/2013-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| **(സി) നബാർഡ് ധനസഹായത്താൽ നടപ്പാക്കിവരുന്ന ആർ. ഐ. ഡി. എഫ്. XVI-ൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നത് വിശദാംശം ലഭ്യമാക്കുമോ;** | (സി) ആർ.ഐ.ഡി.എഫ് XVI-ൽ ഉൾപ്പെടുത്തി 12 പദ്ധതികളിലെ പമ്പ് സെറ്റുകൾ മാറ്റി വയ്ക്കുന്നതിനായി 77.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4 പദ്ധതികളിലെ പമ്പ് സെറ്റുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കി പദ്ധതികൾക്ക് പുനർ ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ഡി) ആർ. ഐ. ഡി. എഫ് XVII-ൽ ഉൾപ്പെടുന്ന ഗ്രാമീണ ജലവിതരണ പദ്ധതികൾ ഏതെല്ലാം; എത്ര തുകയുടെ പദ്ധതിയാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?** | (ഡി) ആർ.ഐ.ഡി.എഫ് XVII-ൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും ഈ മണ്ഡലത്തിൽ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ആഫീസർ